ഭരണഭാഷ- മാതൃഭാഷ

# പഞ്ചായത്ത് വകുപ്പ്

## പരിപത്രം

നമ്പർ- ഇ12-12608/2018 തീയതി- 04/05/2018

**വിഷയം- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ- വകുപ്പിന്റെ അനുമതിയില്ലാതെ ജീവനക്കാർ സർക്കാർതല യോഗങ്ങളിൽ പങ്കെടുക്കുന്നത് – സംബന്ധിച്ച്**

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ വകുപ്പ് അറിയാതെ സർക്കാർ തലത്തിലും മറ്റും വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതായും ടി യോഗങ്ങളിൽ വകുപ്പിന്റേതായ അഭിപ്രായങ്ങൾ എന്ന രീതിയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

വകുപ്പ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ഇത്തരം അഭിപ്രായ പ്രകടനങ്ങൾ സർക്കാർ വേദികളിൽ നടത്തുന്നത് തികച്ചും അനഭിലഷണീയമാണ്. വകുപ്പ് അദ്ധ്യക്ഷനിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന അധികാരം ഉപയോഗിച്ച്, പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ ഔദ്യോഗിക പദവിയുടെ അടിസ്ഥാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടവ ഒഴികെയുള്ള ശിൽപ്പശാലകളിലോ യോഗങ്ങളിലോ വകുപ്പിലെ ജീവനക്കാർ പങ്കെടുക്കുകയോ അഭിപ്രായ പ്രകടനങ്ങൾ നടത്തുകയോ ചെയ്യാൻ പാടില്ലെന്ന് അറിയിക്കുന്നു. തുടർന്നും ഏതെങ്കിലും ജീവനക്കാർ ഇത്തരം പ്രവൃത്തിയിലേർപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം ടി ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

വകുപ്പിലെ എല്ലാ ആഫീസ് മേധാവികളും ഇക്കാര്യം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഒപ്പ്

പി മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്-

1. എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും

ആജ്ഞാനുസരണം

സൂപ്രണ്ട്

2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം)
6. സിസ്റ്റം മാനേജർ ഐ.ടി&ഇ-ഗവേണൻസ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ / ആഫീസ് കോപ്പി